എമ്മാവൂസ്
# വചനദൂത്
Volume- 10
Issue- 26
17 December 2016

മംഗളവാർത്ത നാലാം ഞായർ മത്താ 1: 18-24

# നീതിമാനായ ജോസഫ്



Bro. Chackochan Vadakkethalackal MCBS

ആരാധന ക്രമവത്സരത്തിലെ ആദ്യകാലം മംഗളവാർത്തകാലത്തിന്റെ അവസാന ആഴ്ച യിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. ഉണ്ണിയെ വരവേൽക്കാൻ മനതാരിൽ വചനംകൊണ്ടും പ്രാർത്ഥനകൾക്കൊണ്ടും പുൽക്കൂട് മെനയുന്നവർക്ക്, ക്രിസ്മസ്സിനായി ഏറ്റം അടുത്ത് ഒരുങ്ങിക്കൊണ്ടിരി ക്കുന്നവർക്ക് സഭാമാതാവ് വിചിന്തനത്തിനായി നൽകുക വി. മത്തായിയുടെ സുവിശേഷം 1:18-24 വരെയുള്ള വചനങ്ങളാണ്.

വി. ലൂക്കായുടെ സുവിശേഷത്തിൽ മംഗലവാർത്ത അറിയിക്കപ്പെടുന്നത് മറിയത്തോടാണെങ്കിൽ, മത്തായിയുടെ സുവിശേഷത്തിൽ മംഗളവാർത്ത ഉദ്ദേശിച്ചാണ്. അതുകൊണ്ടുതന്നെ, യഹൂദപാര മ്പര്യത്തിലെ പുരുഷനുള്ള ആധിപത്യം ദൈവിക പദ്ധതിയുടെ ഭാഗമായി ഉയർത്തിക്കാട്ടുകയാണ് സുവിശേഷകൻ ഇന്നുമുതൽ മരണംവരെ എന്നു പറഞ്ഞ് ആരംഭിക്കുന്ന ദാമ്പത്യജീവിതങ്ങളും, ദൈവനാമത്തിൽ ആരംഭിക്കുന്ന സന്യാസ ജീവിതങ്ങളുമൊക്കെ ഇന്ന് ഒരു ചീട്ടുകൊട്ടാരംപോലെ നിലംപരിശായി പോകുന്ന ആധുനികയുഗത്തിൽ മത്തായി സുവിശേഷകൻ അവതരിപ്പിക്കുന്ന 'നീതിമാനായ



അറിയിക്കുന്നത് ജോസഫിനോടാണ്. കാരണം, മത്തായി സുവിശേഷം എഴുതുന്നത് യഹൂദമതത്തിൽ നിന്നും യേശുവിന്റെ ശിഷ്യത്വം സ്വീകരിച്ച പാലസ്തീനായിലെ ക്രൈസ്തവ സമൂഹത്തെ

ജോസഫ്' ധ്യാനവിഷയമാക്കുക ഉചിതം തന്നെ. ജോസഫ് എപ്രകാരം തന്റെ ജീവിതത്തിലെ പ്രതിസന്ധികളെ കണ്ടു എന്നും, അത് തരണം ചെയ്തു എന്നും, നീതിമാൻ എന്ന പദം

അതുകൊണ്ട് തന്നെ എത്രമാത്രം അദ്ദേഹത്തിന് അനുയോജ്യമാണ് എന്നും നമുക്ക് ഇന്നത്തെ വചനഭാഗത്തിലൂടെ വിചിന്തനം ചെയ്യാം.

വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്ന യുവതി-യുവാക്കൾ തങ്ങളുടെ മനസുകളിൽ നെയ്തുതീർക്കുന്ന, തങ്ങളുടെ ജീവിതത്തെക്കുറിച്ച് സ്വപ്നങ്ങളുടെ കലവറതീർക്കുന്ന ഒരു കാലഘട്ടമുണ്ട്. ഇതേ അവസ്ഥയിലൂടെ കടന്നു പോകുന്ന ദാവീദ് വംശത്തിൽപ്പെട്ട ജോസഫിന്, താൻ ഭാര്യയായി സ്വീകരിക്കാനിരിക്കുന്ന മറിയം ഗർഭിണിയായി കാണപ്പെട്ടത് അത്ര മംഗളകരമായി തോന്നാത്ത ഒരു മംഗളവാർത്ത. എന്നാൽ ദൈവമൊഴികൾക്ക് മേൽ മറുമൊഴി ഇല്ലാതാകുമ്പോഴുള്ള ശൂന്യത ജോസഫിനെയും അനാവരണം ചെയ്യുകയാണ്. ആ ശൂന്യതയിലേക്ക് അയാൾ ദൈവത്തെ, ദൈവഹിതത്തെ നിറയ്ക്കുകയാണ്. തന്നോടൊപ്പം സഹവസിക്കുന്നതിന് മുമ്പ് മറിയം

**യുഗാന്ത്യം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും എന്ന് ചൊല്ലിയവന്റെ വചനത്തിന്റെ നിവർത്തനമാണല്ലോ പരിശുദ്ധ കുർബാന. അതെ, ഈശോ ഇന്നും എന്നും എപ്പോഴും നമ്മോടുകൂടെയുണ്ട്, പരിശുദ്ധ കുർബാനയായി.**

ഗർഭിണിയാണെന്നറിഞ്ഞപ്പോൾ മാനുഷികമായി ആദ്യം അവളെ ഉപേക്ഷിക്കാനാണ് ജോസഫ് ചിന്തിച്ചത്. പക്ഷേ, ദൈവഹിതം നിറവേറ്റപ്പെടാൻ സ്വന്തം ഇഷ്ടങ്ങളെ ബലികഴിക്കുന്ന ജോസഫ് മംഗളവാർത്ത രചിക്കുകയാണ്.

നെയ്തുകൂട്ടിയ സ്വപ്നങ്ങളെല്ലാം താറുമാറായി നിൽക്കുന്ന ജോസഫിന്റെ ജീവിതം ഒരുപക്ഷേ, മനുഷ്യന് നന്നാക്കിയെടുക്കാനാവാത്തതായിരുന്നു. എന്നാൽ അയാൾ എല്ലാം ദൈവത്തിലർപ്പിച്ചു. ദൈവികപദ്ധതികൾ നിറവേറ്റപ്പെടാൻ കാത്തു നിൽക്കുമ്പോഴാണ് അവിടെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു പറയുന്നത്. ''മറിയത്തെ ഭാര്യായായി സ്വീകരിക്കാൻ നീ ശങ്കിക്കേണ്ട അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്.' പൂർവ്വയൗസേപ്പിനെപ്പോലെ ജോസഫും സ്വപ്നത്തിൽ ദൈവിക വെളിപാടുകൾ സ്വീകരിക്കുന്നതായി സുവിശേഷകൻ എടുത്തുകാട്ടുന്നു.

ജീവിത പ്രതിസന്ധിഘട്ടങ്ങളിൽ നട്ടംതിരിയുമ്പോൾ അറിയാതെ നമ്മളൊക്കെ ചോദിച്ചു പോകുന്ന ചോദ്യം ''എന്തേ പ്രാർത്ഥിച്ചിട്ടും ഒരു പ്രയോജനമില്ലാത്തത്, എന്തേ ദൈവം ഇങ്ങനെ എന്നൊക്കെ...'' മനുഷ്യൻ പറയുന്ന കാലതാമസം അത് ദൈവത്തിന്റെ ഹിതം നമ്മളിലൂടെ അനുവർത്തിക്കപ്പെടാനുള്ള വേദിയായി ദൈവം ഒരുക്കുന്ന നിമിഷങ്ങളാണെന്ന് തിരിച്ചറിയാം. ജെറ. 29:11 പറയുന്നു. ''എനിക്ക് നിന്നെക്കുറിച്ച് ഒരു പദ്ധതിയുണ്ട്. അത് നിന്റെ നാശത്തിനല്ല, ക്ഷേമത്തിനായുള്ള പദ്ധതിയാണ് എന്ന്.

പിന്നീട് 'ദാവീദിന്റെ പുത്രനായ ജോസഫ്' എന്ന മാലാഖയുടെ അഭിവാദനസ്വരം, അനുഗ്രഹീതമായ രാജവംശത്തിന്റെയും മിശിഹായുഗത്തിന്റെയും ഓർമ്മയുണർത്തുന്നതാണ്. ക്രിസ്തു ദാവീദിന്റെ വംശത്തിൽ നിന്നായിരിക്കും എന്ന പ്രവചനത്തെ ഓർമ്മപ്പെടുത്തുന്ന വിധമാണ് മാലാഖ അഭിവാദനം ചെയ്യുന്നത്. ഈശോ തന്റെ പരസ്യജീവിതകാലത്തും അഭിസംബോധന ചെയ്യപ്പെടുക 'ദാവീദിന്റെ പുത്രനായ ക്രിസ്തു' എന്നാണല്ലോ? ജോസഫിനെ മറിയത്തിന്റെ ഭർത്താവായി നിയോഗിച്ചത് ദൈവം തന്നെയാണെന്നും ഇത് ദൈവത്തിന്റെ തിരഞ്ഞെടുപ്പാണെന്നും ദൂതൻ സൂചിപ്പിക്കുകയാണ്.

'മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ നീ ശങ്കിക്കേണ്ട എന്ന വചനം രക്ഷാകരകർമ്മത്തിലുള്ള ജോസഫിന്റെ പങ്ക് സൂചിപ്പിക്കുകയാണ്, ഒരു സാധാരണക്കാരനായ തച്ചനായിരുന്ന ജോസഫിനെ മറിയത്തിന്റെ ഭർത്താവും, യേശുവിന്റെ വളർത്തുപിതാവുമായി തിരഞ്ഞെടുത്തത് ദൈവവമാണെന്നും, മറിയത്തെ തെരഞ്ഞെടുത്തതു പോലെ ഇതും ദൈവത്തിന്റെ നിശബ്ദമായ ഒരു തെരഞ്ഞെടുപ്പാണെന്നും സുവിശേഷകൻ ഓർമ്മിപ്പിക്കുകയാണിവിടെ.

വീണ്ടും വചനം പറുന്നു: ''നീ അവന് യേശു എന്ന് പേരിടണം. 'ദൈവം നമ്മോടുകൂടെ' എന്നർത്ഥമുള്ള 'ഇമ്മാനുവൽ' എന്നവൻ വിളിക്കപ്പെടും. യഹൂദ ആചാരപ്രകാരം ശിശുവിന് പേരിടേണ്ടത് പിതാവിന്റെ അവകാശവും അധികാരവുമാണ്. എന്നാൽ ക്രിസ്തുവിന്റെ യഥാർത്ഥ പിതാവ് നിർദ്ദേശിച്ച നാമമാണ് ദൂതൻ ജോസഫിന് നൽകുന്നത്. വളർത്തു പിതാവ് എന്ന സ്ഥാനം സ്വർഗ്ഗത്തിൽ നിന്ന് നല്കുകയാണിവിടെ.

ഏശയ്യാ 7:14 ൽ നാം കാണുന്നു. 'യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും' പഴയനിയമത്തിൽ മേഘസ്തംഭമായും അഗ്നിസ്തംഭമായും തന്റെ സാന്നിധ്യമറിയിച്ച ദൈവം ഇടിമുഴക്കത്തിലും, കൊടുങ്കാറ്റിലും തന്റെ സാന്നിധ്യമറിയിച്ചു. എന്നാൽ പുതിയ നിയമത്തിൽ അവൻ നമ്മിലൊരുവനായി മനുഷ്യരൂപം സ്വീകരിച്ചു നമ്മെപ്പോലെ ജീവിച്ചു. പഴയനിയമം പ്രതീക്ഷയോടെ കാത്തിരുന്ന രാജാവ് യേശുതന്നെയാണ് വിളിച്ചു പറയുകയാണിവിടെ.

വീണ്ടും വചനം പറയുന്നു. 'ജോസഫ് നിദ്രവിട്ടു

ണർന്ന് ദൂതൻ കല്പിച്ചപോലെ പ്രവർത്തിച്ചു.' ദൈവഹിതം മാലാഖയിലൂടെ അറിയപ്പെട്ടപ്പോൾ മറുത്തു ഒന്നും പറയുന്നില്ല ജോസഫ്. 'ഇനി എന്ത്.' എന്ന ചോദ്യത്തിന് ഇനി പ്രസക്തിയില്ല. 'എല്ലാം ദൈവഹിതം പോലെ' എന്ന ഉറച്ച ബോധ്യത്തിൽ മുന്നോട്ടു നീങ്ങുകയാണ് ജോസഫ്. സഭാപിതാവായ വി. അപ്രേം പഠിപ്പിക്കുന്നു. ''ഉല്പത്തി പുസ്തകത്തിൽ ആദിപിതാവായ ആദം തന്റെ ഭാര്യ ഹവ്വായെ സ്വീകരിച്ചപ്പോൾ അത് പാപത്തിലേക്കുള്ള ചുവടുവയ്പ്പായി. എന്നാൽ ജോസഫ് രണ്ടാം ഹവ്വായായ മറിയത്തെ സ്വീകരിച്ചപ്പോൾ അത് രക്ഷിലേക്കുള്ള ചുവടുവയ്പ്പായി'' എന്ന്. അതെ, ദൈവഹിതത്തിന് വഴങ്ങിക്കൊടുക്കുന്നവന്റെ ജീവിതം അനേകർക്ക് രക്ഷയിലേക്കുള്ള മാർഗ്ഗമാകുകയാണ്. ''എങ്കിലും എന്റെ ഹിതമല്ല, നിന്റെ ഹിതം'' എന്നു പറഞ്ഞ് ക്രിസ്തു സ്വയം ഒരു ബലിയായപ്പോൾ അത് ഒരു ലോകത്തിന് തന്നെ രക്ഷയായി വർത്തിക്കുകയായിരുന്നു. ജീവിതത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുമ്പോൾ 'നിന്റെ ഹിതം' എന്ന് പറയാൻ നമുക്ക് സാധിക്കണം.

വി. മത്തായി സുവിശേഷകൻ ജോസഫിനെ അലങ്കരിക്കുന്ന പദം 'നീതിമാൻ' എന്നാണ്. നീതിമാൻ എന്ന പദം എന്തുകൊണ്ടും ജോസഫിന് അനുയോജ്യം എന്ന് പറയാൻ ഇനി നമുക്കും ആവും. കാരണം, നീതിമാൻ എന്നാൽ 'നീതി' എന്ന ഗുണം ഉള്ളയാൾ എന്നു മാത്രമല്ല, മറിച്ച് ദൈവപ്രമാണങ്ങളോടുള്ള വിശ്വസ്തതയും, സഹോദരസ്നേഹവും എല്ലാം ഒരുപോലെ അനുഷ്ഠിക്കുന്ന വ്യക്തി.

വിവാഹശേഷം ഭർത്താവറിയാതെ ഗർഭിണിയാകുന്ന ഭാര്യയ്ക്കു കല്പിക്കപ്പെട്ടിരിക്കുന്ന ശിക്ഷയെ നിയമാവർത്തനം 22-ാം അധ്യായത്തിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ''അവർ ആ യുവതിയെ തങ്ങളുടെ പിതൃഭവനത്തിന്റെ വാതിൽക്കൽ കൊണ്ടുവരികയും, അവളുടെ നഗരത്തിലെ പുരുഷന്മാർ അവളെ കല്ലെറിഞ്ഞ് കൊല്ലുകയും വേണം.''

ഇവിടെയാണ് ജോസഫ് ഒരു നീതിമാൻ എന്നതിന് പ്രസക്തിയേറുന്നത്. കാരണം ജോസഫ് ഒരു യഹൂദനിയമപ്രകാരമുള്ള നീതിമാനായിരുന്നെങ്കിൽ അവൻ അവളെ ശിക്ഷാവിധിക്കു ഏൽപ്പിച്ചുകൊടുക്കുമായിരുന്നു. എന്നാൽ ജോസഫ് നിയമത്തെക്കാളുപരി സ്നേഹത്തിനും, കാരുണ്യത്തിനും മുൻതൂക്കം നൽകി. ഒരു പക്ഷേ അഃാവണം അവൻ അവളെ രഹസ്യത്തിൽ ഉപേക്ഷിക്കാൻ തയ്യാറായത്.

ഒരുപക്ഷേ, ഈ കാരുണ്യമല്ലേ യോഹ 8-ാം അധ്യായത്തിൽ ഈശോയിലും നാം കാണുക. കല്ലെറിഞ്ഞ് കൊല്ലാൻ തന്റെ മുമ്പിലേക്ക് കൊണ്ടുവന്ന പാപിനിയായ സ്ത്രീയെ നോക്കി സ്നേഹത്തോടെയും കാരുണ്യത്തോടെയും 'മേലിൽ പാപം ചെയ്യരുത്.' എന്ന സ്നേഹതാക്കീതുമായി അവൻ വിട്ടയയ്ക്കുന്നത്.

പ്രതിസന്ധികളില്ലാത്ത അവസ്ഥയെ ആരും സമാധാനം എന്നു വിളിക്കില്ല. മറിച്ച് ജീവിസാഹചര്യങ്ങൾക്കും, വിചിന്തകൾക്കും എല്ലാം വിപരീതമായി പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ ദൈവത്തിലാശ്രയിക്കുന്നവരുടെ മേൽ ദൈവത്തിന്റെ പദ്ധതികൾ ഉണ്ടാകും എന്ന് ജോസഫ് നിശബ്ദമായി പഠിപ്പിക്കുയാണിവിടെ. കാറ്റും കോളും ഉണ്ടായപ്പോൾ അലറി വിളിച്ച ശിഷ്യരെപ്പോലെ ആയിരുന്നില്ല ജോസഫ്. മറിച്ച് ദൈവത്തിലാശ്രയിച്ചു ദൈവഹിതം അനുവർത്തിക്കപ്പെടാൻ അയാൾ ശാന്തനായി കാത്തുനിന്നു. സങ്കീർത്തനം 121:3-5 ൽ പറയുന്നു. ''നിന്റെ കാൽ വഴുതി പോകാൻ അവിടുന്ന് അനുവദിക്കുകയില്ല. നിന്നെ കാക്കുന്നവൻ ഉറക്കം തൂങ്ങുകയില്ല. ഇസ്രയേലിന്റെ പരിപാലകൻ മയങ്ങുകയില്ല. കർത്താവാണു നിന്റെ പരിപാലകൻ.''

യുഗാന്ത്യം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും എന്ന് ചൊല്ലിയവന്റെ വചനത്തിന്റെ നിവർത്തനമാണല്ലോ പരിശുദ്ധ കുർബാന. അതെ, ഈശോ ഇന്നും എന്നും എപ്പോഴും നമ്മോടുകൂടെയുണ്ട്, പരിശുദ്ധ കുർബാനയായി. ജീവിതപ്രതിസന്ധികളിൽ നട്ടംതിരയുമ്പോൾ ഇനി ക്രിസ്തുവിലേക്കും പരിശുദ്ധ കുർബാനയിലേക്കും നമുക്ക് നമ്മുടെ കണ്ണുകളെ ഉയർത്താം. എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്കെല്ലാം സാധ്യമാകും എന്നു പറയാൻ തക്കവിധം ഒരു ചങ്കൂറ്റം ഓരോ പ്രതിസന്ധി വേളകളിലും നമുക്ക് ഉണ്ടാവട്ടെ. അതിനായി ക്രിസ്തു നമ്മിൽ പിറക്കട്ടെ.

